# ചിതറിയ ചിന്തകൾ

എസ്.കാച്ചപ്പിള്ളി



## മറ്റു കൃതികൾ

### കഥകൾ

ഒറ്റമുറിവീട്
ഒരു ബുദ്ധിജീവിയും കുറെ അനുയായികളും
ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ
കേശവന്റെ കഥ, എന്റെ വിധിയും

### ലേഖനങ്ങൾ:

കേരളമോഡൽ പ്രതിസന്ധി
ക്ലബ് ഹൗസ്
ക്ലബ് ഹൗസ് രണ്ടാം ഭാഗം
കേരള സാമ്പത്തിക പ്രതിസന്ധി

### നുറുങ്ങു ലേഖനങ്ങൾ:

ദുരന്തങ്ങൾ നൽകുന്ന പാഠം
സാന്ത്വനം
മൊഴിമുത്തുകൾ
എന്റെ ജനാധിപത്യ ചിന്തകൾ
കഥ തുടരുന്നു
എന്റെ സാമൂഹ്യ സുരക്ഷാ ചിന്തകൾ
മതമില്ലാത്ത ജീവൻ
സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ

ചിതറിയ ചിന്തകൾ

**വീണ്ടുമൊരു ഓഡിറ്റ് ചിന്തകൾ**

**വീണ്ടുമൊരു സഹകരണ ചിന്തകൾ**

**താത്ക്കാലിക നിയമനങ്ങൾ സ്വന്തക്കാർക്കും പാർട്ടിക്കാർക്കും**

**വിദ്യാഭ്യാസ മേഖലയിലെ ശാന്തത**

**വിദ്യാഭ്യാസ നവോത്ഥാന ചരിത്രത്തിലെ പുതിയ ഏടുകൾ**

**സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും നിയമ വ്യവസ്ഥയെ വെല്ലുവിളിക്കുന്ന യൂണിയനുകളും**

**ഡിജിറ്റൽ സർവ്വേ**

**ലഹരിക്കെതിരെ പോരാട്ടം**

**തട്ടിയും മുട്ടിയും പോകുന്ന പകൽ വീടുകൾ**

**അസാധുവാകേണ്ട നിമസഭാ അംഗത്വവും മന്ത്രി പദവിയും**

**കേരളത്തിന്റെ ഭാവിയും ലോകായുക്തയും**

**ജീവനും സ്വത്തിനും സംരക്ഷണത്തോടൊപ്പം വിഴിഞ്ഞം പദ്ധതിയും**

**ലോകായുക്തയെ നിർവ്വീര്യമാക്കാനുള്ള ശ്രമവും ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാനും**

## വീണ്ടുമൊരു ഓഡിറ്റ് ചിന്തകൾ

ഒരുകാലത്ത് സഹകരണ മേഖലയിൽ കൃത്യമായ ഓഡിറ്റിങ്ങും ക്രമക്കേട് നടത്തിയ ജീവനക്കാരനെതിരെ നടപടിയെടുക്കലുമൊക്കെ സാധാരണമായിരുന്നു. ഒരുകാലത്ത് ഗവൺമെന്റ് ഓഡിറ്റ് എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നും അറിയപ്പെടുന്ന സർക്കാർ ഓഡിറ്റ് സംവിധാനം തദ്ദേശ ഭരണ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റി പോലുള്ള കോസി ഗവൺമെന്റ് സ്ഥാപനങ്ങളിലും കൃത്യമായ ഓഡിറ്റിങ്ങും ക്രമക്കേട് നടത്തിയ ജീവനക്കാരനെതിരെ നടപടിയെടുക്കലുമൊക്കെ സാധാരണമായിരുന്നു. സംസ്ഥാനത്തിന്റെ വളർച്ചയുടെ നാളുകളിൽ അത്തരം ക്രമക്കേടുകൾ വളരെ അക്ഷന്ത്യവമായ തെറ്റു തന്നെയായിരുന്നു. അന്നത്തെ ഇത്തരം സ്ഥാപനങ്ങളിലെ തെറ്റു കുറ്റങ്ങൾ ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുമ്പോൾ അവർക്കെതിരെ കക്ഷി രാഷ്ട്രീയ ഭേദമന്യേ തെറ്റു ചെയ്തവർക്കെതിരെ നടപടിയെടുക്കാനുമുള്ള ഒത്തൊരുമയുള്ള മനസുമുണ്ടായിരുന്നു. അതുകൊണ്ടു തന്നെ അന്നത്തെ സർക്കാർ നിബന്ധിത സ്ഥാപനങ്ങളിൽ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥന് അയാളുടെ തെറ്റുകളുടെ ശിക്ഷ ഏറ്റു വാങ്ങാനുള്ള തയ്യാറെടുപ്പുമുണ്ടായിരുന്നു.

നിയമനങ്ങൾ ജാതിയുടെ പേരിൽ ശതമാന ക്കണക്കിന് വീതം വയ്ക്കാൻ തുടങ്ങിയതോടെ കയറിപറ്റിയ നല്ലൊരു വിഭാഗവും ഇത്തരം സ്ഥാപ നങ്ങൾ നല്ലൊരു കറവ പശു പോലെയായി മാറ്റുകയും ചെയ്തു. ഓരോ രാഷ്ട്രീയ പാർട്ടി കളും അവരുടെ ശക്തി പ്രകടനത്തിന്റെ ഭാഗമായി ജീവനക്കാരുടെ നിഷേധിത്തരങ്ങൾക്കും ഒരു പരിധി വരെ കൂട്ടു നിന്നു. തത്ഫലമായി കേരളത്തിലെ ഒട്ടുമിക്ക സർക്കാർ, അർദ്ധ സർക്കാർ സ്ഥാപന ങ്ങളും ഗവൺമെന്റ് ഓഡിറ്റ് വിഭാഗം ഓഡിറ്റ് നട ത്തുന്ന മറ്റിതര സ്ഥാപനങ്ങളായ തദ്ദേശ ഭരണ സ്ഥാപനങ്ങളുമൊക്കെ ജാതിയുടെ പേരിലും രാഷ്ട്രീയ ധ്രുവീകരണത്തിന്റെ പേരിലും ഓഡി റ്റുകാരുടെ കണ്ടെത്തലുകളെ തൃണവത്ക്കരിക്കാൻ തുടങ്ങി.

വിശുദ്ധി നിലനിറുത്തേണ്ട യൂണിവേഴ്സിറ്റി പോലുള്ള സ്ഥാപനങ്ങളിൽ പോലും കക്ഷി രാഷ്ട്രീയ മത്സരം കടുപ്പമുള്ളതായി മാറുകയും സിൻഡിക്കേറ്റ് പോലുള്ള അപ്പലേറ്റ് ഭരണസമിതി കൾ അത്തരം ഓഡിറ്റുകളെല്ലാം തൃണവത്ക്കരി ക്കാൻ തയ്യാറാവുകയുമാണുണ്ടായത്. ഓഡിറ്റുകാർ ചൂണ്ടിക്കാണിക്കുന്ന തെറ്റുകുറ്റങ്ങൾ മാപ്പർഹിക്കു ന്നവ ആയതോടുകൂടി, രാഷ്ട്രീയ മേഖലയിലുള്ളവ രുടെ നല്ല പണം കായ്ക്കുന്ന മേഖലയായി സർക്കാർ സ്ഥാപനങ്ങൾ എന്നപോലെ യൂണിവേ ഴ്സിറ്റികളും തദ്ദേശ ഭരണ സ്ഥാപനങ്ങളും സഹക രണ സ്ഥാപനങ്ങളും മാറി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തിന് അതു

കൊണ്ടു തന്നെയാണ് നമ്മുടെ യൂണിവേഴ്സിറ്റികൾ പോലും ഒരു ബാധ്യതയായി തോന്നുവാൻ കാരണ മായത്.

പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നതോടുകൂടി കൂടിയ അധികാരങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വന്നു ചേർന്നു. അതോടെ പഞ്ചായത്ത് ഉൾപ്പടെയുള്ള തദ്ദേശസ്ഥാപനങ്ങളിൽ കോടിക്കണക്കിനു തുക പ്ലാൻ ഫണ്ടിലൂടേയും അതാത് പഞ്ചായത്ത് ഫണ്ടുകളോടൊപ്പം വന്നു ചേർന്നു. കടുത്ത കക്ഷി രാഷ്ട്രീയം തദ്ദേശ ഭരണ സ്ഥാപനങ്ങളെ വിഴുങ്ങിയതോടു കൂടി തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പരിധിയിലുള്ള വോട്ടർമാരിൽ നല്ലൊരു പങ്കും ന്യായീകരണ തൊഴി ലാളികളുടെ റോളിൽ അണി നിരന്നു.

പഞ്ചായത്തീരാജ് സ്ഥാപനങ്ങളിൽ നടമാടുന്ന ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ അതാത് ഭരണ സമിതിയുമായി ബന്ധപ്പെട്ടവർ നിസ്സാരവത്ക്കരിച്ചു. രാഷ്ട്രീയ മത്സരം കടുപ്പമുള്ളതായി മാറുകയും അത്തരം ഓഡിറ്റുകളെല്ലാം തൃണവത്ക്കരിക്കുകയുമാണു ണ്ടായത്. ഓഡിറ്റുകാർ ചൂണ്ടിക്കാണിക്കുന്ന തെറ്റു കുറ്റങ്ങൾ മാപ്പർഹിക്കുന്നവ ആയതോടുകൂടി രാഷ്ട്രീയ മേഖലയിലുള്ളവരുടെ നല്ല പണം കായ്ക്കുന്ന മേഖലയായി തദ്ദേശ ഭരണ സ്ഥാപന ങ്ങളും മാറി. ഇപ്പോഴാകട്ടെ തദ്ദേശ ഭരണ സ്ഥാപ നങ്ങൾ ചിലവഴിക്കപ്പെടുന്നു എന്ന് പറയുന്ന തുകയ്ക്ക് തുല്ല്യമായതൊ അതിനടുത്തതൊ ആയ

വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് കാണാതായിരിക്കുന്നു.

യൂണിവേഴ്സിറ്റിയിലും വിവിധ സർക്കാർ ഡിപ്പാർട്ട്മെന്റിലും സെക്രട്ടറേറ്റിലുമൊക്കെ പേനയും പെൻസിലുമൊന്നും കണ്ടെത്തപ്പെടാത്ത നാളുകളെ അനുസ്മരിപ്പിക്കും വിധമാണ് നിയമനങ്ങൾ നടക്കുന്നത്. അവിടങ്ങളിൽ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച്, നിലവിലുള്ള ജീവനക്കാരുടെ പത്തൊ ഇരുപതൊ ശതമാനമായി എണ്ണം ചുരുക്കുമ്പോൾ, ലാഭിക്കുന്നത് വികസനപ്രവർത്തന ചിലവിലേക്കായി ആവശ്യമായി വരുന്ന ലക്ഷക്കണക്കിന് കോടികൾ മാത്രമല്ല അഴിമതിയും കൈക്കൂലിയും വീതം വയ്ക്കുന്ന തോതിലെ കുറവ് കൂടിയാണ്. ഇതിനൊക്കെ പുറമെ ഇത്തരം സ്ഥാപനങ്ങളിലെ തൊഴിലാളി യൂണിയനുകൾ വരുത്തിവക്കുന്ന അക്രമ ചിന്താധാരകൾക്കും പരിഹാരം കാണാൻ കഴിയുന്നു.

## വീണ്ടുമൊരു സഹകരണ ചിന്തകൾ

1983–84–ൽ ആണ് കോസ്റ്റ് എക്കൗണ്ടിങ് ഐച്ഛീക വിഷയമെടുത്ത് ബി.കോം പാസ്സാകുന്നത്. അക്കാലത്ത് കോ–ഓപ്പറേഷൻ ഐച്ഛിക വിഷയ മായി എടുക്കാമെന്നു വച്ചാലും മിക്കവാറും സ്ഥാപ നങ്ങളിലും കോസ്റ്റ് എക്കൗണ്ടിങ് ഐച്ഛിക വിഷയ മായുള്ള പാക്കേജ് ആയിരുന്നു. അതുകൊണ്ടു തന്നെ പ്രൈവറ്റ് സ്റ്റഡി നടത്തുന്ന വളരെ കുറച്ച് പേർ ബി.കോമിന് രജിസ്റ്റർ ചെയ്യുമ്പോൾ കോസ്റ്റ് എക്കൗണ്ടിങ് എന്നിടത്ത് കോ–ഓപ്പറേഷൻ ഓപ്റ്റ് ചെയ്തിരുന്നു. ഞങ്ങളെ പോലുള്ളവർ കോസ്റ്റ് എക്കൗണ്ടിങ് ഐച്ഛിക വിഷയമായെടുത്ത് ബി.കോം പാസ്സായതിനു ശേഷം കോ–ഓപ്പറേഷൻ എന്ന ഐച്ഛിക വഷയവും പാസ്സാകും. അങ്ങനെ മഹത്തായ കോ–ഓപ്പറേറ്റീവ് സ്ഥാപനങ്ങളിൽ സേവനം ചെയ്യാനുള്ള യോഗ്യത നേടും. ഞാനും 1984–85–ൽ കോ–ഓപ്പറേഷൻ എടുത്ത് പാസ്സായി സഹകരണ മേഖലയിൽ സെക്രട്ടറി തല ത്തിലൊക്കെ ജോലി ചെയ്യാനുള്ള യോഗ്യത നേടി.

സഹകരണ മേഖലയിൽ ജോലി ചെയ്യാനുള്ള യോഗ്യതയായ എച്ച്.ഡി.സി–ക്ക് തുല്ല്യമായ ബി.കോം കോ–ഓപ്പറേഷൻ പാസ്സാകുന്നതിനു മുമ്പെ കെ.ജി.റ്റി.ഇ നടത്തുന്ന സ്റ്റെനോഗ്രാഫിയുടെ സർട്ടിഫിക്കറ്റും വിവിധ ഭാഷയിലെ ടൈപ്പ് റൈറ്റിങ്

സർട്ടിഫിക്കറ്റും കൈവശപ്പെടുത്തിയിരുന്നു. അതു കൊണ്ടു തന്നെ ബി.കോം പാസ്സായ ഉടനെതന്നെ സർക്കാർ വക കമേഷ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ലെക്ചർ ആയി നിയമനവും ലഭിച്ചു. താത്ക്കാലിക മായതിനാൽ നിയമനം ആ അക്കാഡമിക് കാലയ ളവോടെ അവസാനിച്ചു. അക്കാലത്ത് യു.ജി.സി എന്നത് കേട്ട് കേൾവിയില്ലായിരുന്നു. കോളേജ് ലക്ച്ചറുടെ ശമ്പളം വാങ്ങി കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂ ട്ടിൽ ജോലി ചെയ്തയാൾ എങ്ങനെയാണ് അക്കാ ലത്തെ തുച്ഛം ശമ്പളം തരുന്ന കോ-ഓപ്പറേറ്റീവ് മേഖലയിൽ ജോലി ചെയ്യുക എന്നതായിരുന്നു ചിന്ത.

പറഞ്ഞു വരുന്നത് കോ-ഓപ്പറേറ്റീവ് മേഖല യെപ്പറ്റിയാണ്. സർക്കാർ വക കമേഴ്സ്യൽ ഇൻസ്റ്റി റ്റ്യൂട്ടിലെ പണി കഴിഞ്ഞ് ബി.കോം കോ-ഓപ്പറേ ഷന്റെ സർട്ടിഫിക്കറ്റ് കൈയ്യിൽ കിട്ടിയപ്പോഴാണ് അടുത്തുള്ളൊരു പഞ്ചായത്തിൽ കോ-ഓപ്പറേറ്റിവ് ബാങ്കിലെ സെക്രട്ടറി തിരിമറി നടത്തിയത് ഓഡിറ്റി ങ്ങിൽ പിടിച്ച് തുടർ നടപടിയെന്നോണം സസ്പെൻഷൻ ഡിസ്മിസലായി എന്നറിയുന്നത്. ഞങ്ങൾ അഞ്ചു പേരാണ് ആ ബാങ്കിലെ സെക്രട്ടറി പോസ്റ്റിലേക്ക് മത്സരിക്കാനുണ്ടായിരുന്നത്.

പിന്നീടങ്ങോട്ട് സഹകരണ ബാങ്കിൽ ക്രമേ ക്കേട് നടത്തിയ പല പഞ്ചായത്തുകളിലെ ഉദ്യോഗ സ്ഥരെയും ഓഡിറ്റിങ്ങിൽ പിടച്ച് തുടർ നടപടി യായി സസ്പെഷൻ ഡിസ്മിസലായി മാറുകയു മൊക്കയുണ്ടായി. അതായത് അക്കാലത്ത് സഹക

രണ മേഖലയിൽ ഓഡിറ്റിങ്ങും ക്രമക്കേട് നടത്തിയ ജീവനക്കാരനെതിരെ നടപടിയെടുക്കലുമൊക്കെ സാധാരാണമായിരുന്നു. സഹകരണ പ്രസ്ഥാന ത്തിന്റെ വളർച്ചയുടെ നാളുകളിൽ അത്തരം ക്രമ ക്കേടുകൾ വളരെ അക്ഷന്ത്യവമായ തെറ്റു തന്നെയാ യിരുന്നു. അന്നത്തെ സഹകരണ പ്രസ്ഥാനങ്ങ ളിലെ വാർഷിക പൊതുയോഗങ്ങളിൽ തെറ്റു കുറ്റ ങ്ങൾ ചൂണ്ടിക്കാണിക്കാനും അവർക്കെതിരെ കക്ഷി രാഷ്ട്രീയ ഭേദമന്യേ തെറ്റു ചെയ്തവർക്കെതിരെ നടപടിയെടുക്കാനുമുള്ള ഒത്തൊരുമയുള്ള മന സുമുണ്ടായിരുന്നു. അതുകൊണ്ടു തന്നെ സഹക രണ പ്രസ്ഥാനത്തിലെ ദിവസങ്ങൾ, ഏതെങ്കിലു മൊരു ഉദ്യോഗസ്ഥന് അയാളുടെ തെറ്റുകളുടെ ശിക്ഷ ഏറ്റു വാങ്ങാനുള്ള തയ്യാറെടുപ്പുമുണ്ടായിരു ന്നു.

2020-വരെ സ്വന്തം പഞ്ചായത്തിലെ സഹക രണ ബാങ്കിൽ ഒരു മെമ്പർഷിപ്പു പോലുമെടു ക്കാത്ത ഞാൻ പോലും അന്നത്തെ സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ വളരെ താത്പര്യ ത്തോടെ ശ്രദ്ധിച്ചിരുന്നു. ഞായറാഴ്ചകളിലെ ചീട്ടു കളിയും ഒത്തു കൂടലുമൊക്കെ സഹകരണ ബാങ്കിന്റെ വിശേഷ യോഗ ദിവസങ്ങളിൽ ഉപേക്ഷി ച്ചിരുന്നു. അത്രമാത്രം ക്രെഡിബിലിറ്റി ഉണ്ടായിരുന്ന സഹകരണ പ്രസ്ഥാനം രാഷ്ട്രീയ ചട്ടുകമായി മാറു മ്പോൾ സഹകാരികളുടെ പേരിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ് ശക്തി പ്രാപിച്ചിരിക്കുന്നത്.

കക്ഷി രാഷ്ട്രീയ മത്സരം കടുപ്പമുള്ളതായി മാറുകയും അത്തരം ഓഡിറ്റുകളെല്ലാം തൃണവത്ക്ക രിക്കുകയുമാണുണ്ടായത്. ഓഡിറ്റുകാർ ചൂണ്ടിക്കാ ണിക്കുന്ന തെറ്റുകുറ്റങ്ങൾ മാപ്പർഹിക്കുന്നവ ആയ തോടുകൂടി, രാഷ്ട്രീയ മേഖലയിലുള്ളവരുടെ നല്ല പണം കായ്ക്കുന്ന മേഖലയായി സഹകരണ ബാങ്കു കളും മാറി. ഇപ്പോഴാകട്ടെ സഹകരണ ബാങ്കുകൾ പൊട്ടി പെട്ടിയിലാകുമ്പോഴാണ് ഏതൊങ്കിലുമൊരു ഉദ്യോഗസ്ഥന്റെ പേരിൽ പഴിചാരി മറ്റിതര സഹൃദയ രായ ജീവനക്കാരും രാഷ്ട്രീയ പ്രമാണിമാരു മൊക്കെ സമൂഹത്തിൽ മാന്യന്മാരായി വിലസുന്നത്.

ഇനിയൊരു തിരിച്ചു പോക്ക് അസാധ്യമാകും വിധം സഹകരണ മേഖലയിലെ ഓഡിറ്റുകൾക്ക് വലിയ വിലയൊന്നുമില്ലാതായിരിക്കുന്നു. സഹകാ രികളെല്ലാം ഒരു പരിധിവരെ കക്ഷി രാഷ്ട്രീയ പ്രസ്ഥാനത്തിലെ നേതാക്കളുടെ ന്യായീകരണ തൊഴിലാളികളായി മാറിയതിനാൽ മാന്യന്മാരായ സഹകാരികൾക്ക് അടുക്കാൻ പറ്റാത്തത്ര അസഭ്യ ങ്ങൾ നേരിടേണ്ടി വരികയും ചെയ്യുന്നു. സഹക രണ മേഖലയിൽ വരാനിരിക്കുന്ന പ്രതിസന്ധികളെ മുന്നിൽ കണ്ട് കക്ഷി രാഷ്ട്രീയം മറന്ന് സഹകരണ മേഖലയിൽ മാന്യതയും സത്യസന്ധതയും പുലർത്തുന്നവരെ പ്രതിഷ്ഠിക്കാൻ സഹകാരികൾ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. ചീട്ടുകൊട്ടാരം പോലെ കാഴ്ചയിൽ മോഡി തോന്നിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ നിതാന്ത ജാഗ്രത പുലർത്തിയില്ലെ ങ്കിൽ നമുക്ക് നഷ്ടപ്പെടുവാനുള്ളത് സമൂഹത്തിലെ

പ്രതിലോമകാരികൾക്കെതിരെ പ്രതികരിക്കാനുള്ള സമൂഹത്തിന്റെ ഇച്ഛാശക്തി തന്നെയാണ്.

കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിലെ സഹകരണ ബാങ്കുകൾ കാലഘട്ടത്തിനുസൃതമായി ഷെഡ്യൂൾഡ് ബാങ്കുകളാക്കി മാറ്റുവാനുള്ള മനോ ഭാവം ഉണ്ടാകുവാനും അമാന്തിച്ചു കൂടാ. ഷെഡ്യൂൾഡ് ബാങ്കുകളായി മാറുമ്പോൾ ലഭിക്കുന്ന പരിരക്ഷ കേരളത്തിലെ ഇപ്പോഴത്തെ സഹകാരിക ളുടെ സാമ്പത്തിക അടിത്തറ ശക്തമാക്കാൻ അവ ശ്യം വേണ്ട ഉപാധിയാണെന്ന് തിരിച്ചറിയുക തന്നെ വേണം.

## താത്ക്കാലിക നിയമനങ്ങൾ സ്വന്തക്കാർക്കും പാർട്ടിക്കാർക്കും

നമ്മുടെ സംസ്ഥാനത്ത് കാലങ്ങളായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള സാഹചര്യമില്ല. അതുകൊണ്ടു തന്നെ സംസ്ഥാനത്തെ യുവജനങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സാമ്പത്തീകമായി സ്വയം പര്യാപ്തരാകുവാൻ കഴിഞ്ഞിട്ടില്ല. സ്ത്രീകളായാലും പുരുഷന്മാരായാലും ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ സ്വയം പര്യാപ്തമായ സാമ്പത്തീക സാഹചര്യം ലഭ്യമാക്കേണ്ടത് നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ ഭരണകർത്താക്കളുടെ ചുമതലയാണ്. വിദ്യാഭ്യാസത്തിലും ആരോഗ്യമേഖലയിലും മുമ്പന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തെ കാര്യശേഷിയും കാര്യപ്രാപ്തിയുമുള്ളവരെല്ലാം തൊഴിലാർത്ഥികളായി അവശേഷിക്കുകയൊ മറ്റിടങ്ങിലേക്ക് ചേക്കേറുകയൊ ചെയ്യുന്നു.

ജനാധിപത്യപരമായ സംവിധാനത്തിൽ വോട്ടർമാരെ സ്വാധീനിക്കുന്നതിനായി ഒരോ രാഷ്ട്രീയ പാർട്ടികളും തങ്ങളുടെ കാലത്ത് നിയമിച്ച ജീവനക്കാരുടെ ബാഹുല്ല്യം പറഞ്ഞ് വീമ്പിളക്കുന്നതിൽ മത്സരിക്കുകയാണ്. നമ്മുടെ സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ ആധുനീകവൽക്കരിക്കാനും അതുവഴി കുറഞ്ഞ ജീവനക്കാരുമായി

പൗരാവലിക്ക് മുന്തിയ സേവനം ലഭ്യമാക്കുവാനും അതിനാൽ സാധ്യമാകുന്നില്ല. ഇലക്ട്രിസിറ്റി പോലുള്ള സ്ഥാപനങ്ങളിൽ മസ്ദൂർ പോസ്റ്റിലൊക്കെ നിയമനങ്ങൾ നടത്തി പ്രമോഷൻ കൊടുത്ത് അസി.എക്സി. എഞ്ചിനീയർമാരു മൊക്കെ ആക്കുന്നതുമൂലം കാര്യക്ഷമത കുറഞ്ഞ വർ ഉന്നത സ്ഥാനങ്ങളിൽ എത്തിപ്പെടാൻ ഇടയാ ക്കുന്നു. അതുമൂലം നമ്മുടെ സംസ്ഥാനത്തെ പൗരാവലിയിൽ നിന്നും വർദ്ധിത ചാർജ്ജ് ഈടാ ക്കേണ്ടി വരുന്ന അവസ്ഥ എല്ലാ സർക്കാർ പൊതു മേഖല സ്ഥാപനങ്ങൾക്കും ബാധകമാണ്.

സത്യത്തിൽ ശമ്പളവും മറ്റിതര ആനുകൂല്ല്യ ങ്ങളും തുല്ല്യതോതിൽ നൽകുന്ന സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ നിയമിക്കപ്പെ ടേണ്ടവരുടെ പൊതുവായ ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും കാലാകാലങ്ങളിൽ നിയമിക്കപ്പെടുകയാണ് വേണ്ടത്. അത്തരം ലിസ്റ്റിലെ തൊഴിലാർത്ഥിയെ തന്നെയായിരിക്കണം താത്ക്കാലികമായി നിയമിക്ക പ്പെടേണ്ടതും എന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. ലിസ്റ്റുകൾ നിലവിലുണ്ടെങ്കിൽ അത്തരം ലിസ്റ്റിൽ നിന്നു തന്നെയാവണം താത്ക്കാലിക നിയമനങ്ങൾ എന്ന് നമ്മുടെ കോടതികൾ തന്നെ നിഷ്ക്കർഷിച്ചി ട്ടുള്ളതാണ്. അത്തരമൊരു പൊതുവായ ലിസ്റ്റു തയ്യാറാക്കാനുള്ള സംസ്ഥാനത്തെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ വൈമനസ്യത്തിനു കാരണം തങ്ങൾക്ക് ഇഷ്ടപ്പെട്ടവരെ നിയമിക്കുവാനുള്ള അവസരമാണ് നഷ്ടമാകുന്നത് എന്നതുകൊണ്ടാണ്. അത്തരം ലിസ്റ്റിൽ നിന്നും താത്ക്കാലികമായി നിയ

മിക്കപ്പെട്ടവർക്ക് തന്നെയാകണം പിന്നീട് സ്ഥിരനിയമനം നൽകേണ്ടതും.

കടുത്ത സാമ്പത്തീക പ്രതിസന്ധി നേരിടുന്ന സംസ്ഥാനമായ കേരളത്തിന് ഉയർന്ന ശമ്പളവും കൂടിയ അലവൻസുകളും ബാധ്യത തന്നെയാണ്. താൽക്കാലിക ജീവനക്കാരെ നിയമിക്കപ്പെടുകയാണെങ്കിൽ ഇത്തരം ഉയർന്ന ഗ്രേഡൊ മറ്റിതര അലവൻസുകളൊ കൊടുക്കേണ്ടതായി വരുന്നില്ല. സ്ഥിരം നിയമനങ്ങൾ എന്നത് ഒട്ടുമിക്ക സർക്കാർ സ്ഥാപനങ്ങളിലും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാണ് നടക്കുന്നത്. ശക്തമായ യൂണിയൻ സംവിധാനം നിലനിൽക്കുന്ന കേരളത്തിൽ പക്ഷെ താത്ക്കാലിക നിയമനങ്ങൾ യൂണിയനുകളുടെ എതിർപ്പില്ലാതെ ബന്ധുക്കൾക്കും സ്വന്തക്കാർക്കും പാർട്ടിക്കാർക്കുമൊക്കെയായി വീതം വക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്.

## വിദ്യാഭ്യാസ മേഖലയിലെ ശാന്തത

സർവ്വകലാശാലകൾ കലാപശാലകളായി മാറുകയാണെന്ന കാര്യം ഏറെക്കുറെ ഉറപ്പായിരുന്നു. സമരത്തിലൂടെയാണ് വിദ്യാർത്ഥികളുടെ വളർച്ച എന്ന വാദഗതികൾ കേരളത്തിൽ രൂപപ്പെട്ടിട്ടുണ്ട്. അപ്പോഴാണ് സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനങ്ങളിലെ വൈരുദ്ധ്യം ചൂണ്ടിക്കാട്ടി കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറുടെ നിയമനം സുപ്രീം കോടതി അസാധുവാക്കുന്നത്. തുടർന്ന് കേരളത്തിലെ വിവിധ തരം സർവ്വകലാശാലകളിലും നിയമനങ്ങൾ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലെ പോലെ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന കാര്യം ചാൻസലർ കൂടിയായ ഗവർണറുടെ ശ്രദ്ധയിൽ പെടുകയും അത്തരം ചട്ടങ്ങൾക്ക് വിരുദ്ധമായവർ രാജിവക്കുവാൻ തയ്യാറാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. രാജി വക്കുന്നതിനു പകരം അത്തരം സർവ്വകലാശാലയിലെ വൈസ് ചാൻസലർമാർ കോടതിയെ സമീപിക്കുകയും ചട്ടങ്ങൾ അനുസരിച്ച് ചാർസലർ നോട്ടീസ് കൊടുക്കണമെന്ന് കോടതി ചാൻസലറുടെ ശ്രദ്ധിയിൽ പെടുത്തുകയും ചെയ്തു.

പൂർവ്വീകർ പടുത്തുയർത്തിയ പഴുതുകളടച്ചുള്ള വൈസ് ചാൻസലർ തിരഞ്ഞെടുപ്പാണ്

ഇവിടെ അട്ടിമറിക്കപ്പെട്ടിരിക്കുന്നത് എന്നതുകൊണ്ടു കൂടിയാണ് പരമോന്നത കോടതി കൂടിയായ സുപ്രീം കോടതി കേരള ടെക്നോളജിക്കൽ യൂണി വേഴ്സിറ്റിയുടെ വൈസ് ചാൻസലർ നിയമനം അസാധുവാക്കിയത്. അതുകൊണ്ടു തന്നെ നില വിലെ കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ വൈസ് ചാൻസലർമാർ അത്തരം പദവിയിലിരി ക്കാൻ യോഗ്യരാണൊ അയോഗ്യരാണൊ എന്നതല്ല ഇവിടെ വിഷയം.

സർക്കാരുകളുടെ താത്പര്യത്തിനനുസരിച്ച് തയ്യാറാക്കുന്ന ലിസ്റ്റുകളിൽ നിന്നാണ് ചാൻസല റായ ഗവർണർ വൈസ് ചാൻസലർമാരെ തിരഞ്ഞെ ടുക്കപ്പെടുന്നത് എന്നതും ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്.

ചുരുക്കത്തിൽ ചട്ടങ്ങൾ കൃത്യമായി പാലിക്ക പ്പെടാതെ നിയമിക്കപ്പെട്ട കേരളത്തിലെ വൈസ് ചാൻസലർമാർ എത്രയും വേഗം രാജി നൽകു ന്നില്ലാ എങ്കിൽ ബന്ധപ്പെട്ടവർ കേസിനു പോവു കയും വൈസ് ചാൻസലർമാർ രാജിവക്കേണ്ടി വരു ന്നതുമായ അവസ്ഥ സംജാതമാവുകയും ചെയ്യും. നിയമവാഴ്ച നടമാടണം എന്നതിൽ നിന്നും സർവ്വ കലാശാലകൾക്ക് ഒഴിവ് കൊടുക്കണമെന്ന് ആരും പറയുമെന്നു തോന്നുന്നില്ല.

വിദ്യാർത്ഥികളെ ചട്ടുകങ്ങളാക്കി മാറ്റി ചട്ടപ്ര കാരമുള്ള വൈസ് ചാൻസലർ നിയമനങ്ങളെ അട്ടി മറിക്കാൻ ശ്രമിക്കുമ്പോൾ അതിനെ അഹംഭാവിക ളുടെ കുത്സിത ശ്രമങ്ങളായി കാണേണ്ടതുണ്ട്.

വൈസ് ചാൻസലർമാർക്കെതിരെ ഏറെ അധികം വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ നടന്നിട്ടുള്ള സംസ്ഥാനമാണ് കേരളം. ചട്ടങ്ങൾക്കനുസൃതമായി നിയമനങ്ങൾ നടന്നിട്ടുണ്ടോ ഇല്ലയൊ എന്നു പരി ശോധിക്കാൻ ഇവിടെ നിയമ സംവിധാനമുണ്ടെന്നും അതിന് വിദ്യാഭ്യാസ മേഖലയിലെ പ്രക്ഷോഭങ്ങളല്ല, വിദ്യാഭ്യാസ മേഖലയിലെ ശാന്തതയാണ് സമൂഹം ആവശ്യപ്പെടുന്നത്.

## വിദ്യാഭ്യാസ നവോഥാന ചരിത്രത്തിലെ പുതിയ ഏടുകൾ

കേരളത്തിലെ പാലക്കാട്ട് അയ്യർ കുടുംബത്തിൽ ജനിച്ച നാരായണ അയ്യർ ശേഷൻ ആണ് ഇലക്ഷൺ കമ്മീഷണർ എന്ന പദവിയെപ്പറ്റി ഭാരത സമൂഹത്തിന് പരിചയപ്പെടുത്തിക്കൊടുത്തവരിൽ പ്രമുഖൻ. വിട്ടുവീഴ്ചകൾക്ക് ഇടം കൊടുക്കാതെ, രാഷ്ട്രീയ പക്ഷപാതിത്വത്തിന് വഴങ്ങാതെ നിർഭയം വോട്ട് ചെയ്യുവാൻ ഭാരതീയന് സാധ്യമാക്കുക എന്ന വലിയ കർത്തവ്യം ഇലക്ഷൺ കമ്മീഷണർ എന്ന നിലയിൽ അദ്ദേഹം നിർവ്വഹിച്ചു. ഏറ്റുമുട്ടലുകളിൽ തളരാതെ നിലപാടുകളെടുത്ത അദ്ദേഹം സംഘം ചേർന്ന് സമൂഹത്തെ കൊള്ളയടിക്കുന്ന കേന്ദ്രങ്ങളായി രാഷ്ട്രീയ പാർട്ടികൾ മാറുമെന്ന് സംശയിച്ചിരിക്കാം. ജനാധിപത്യത്തിന്റെ യഥാർത്ഥ കാവലാളായി ഇലക്ഷൻ കമ്മീഷണർ എന്ന നിലയിൽ നിലകൊണ്ട നാരായണ അയ്യർ ശേഷൻ അങ്ങനെ അജയ്യനായി, ജനകീയ പ്രതിഭാസമായി സമൂഹത്തിൽ ഏറെ പ്രതീക്ഷകളെ സഫലമാക്കുകയുണ്ടായി.

ഇന്നിപ്പോൾ ജനാധിപത്യ കേരളത്തിൽ ഉന്നത പഠന വേദികളായ സർവ്വകലാശാലകൾ രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകമാക്കി വരുതിയിൽ കൊണ്ടു വരുവാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. അവിടെയാണ് കേരള സമൂഹം കേരള ഗവർണറായ

ആരിഫ് മുഹമ്മദ് ഖാനിൽ പ്രതീക്ഷ അർപ്പിക്കുന്നതും.

കേരളത്തിലെ സർവ്വകലാശാലകളിൽ വൈസ് ചാൻസലർ തുടങ്ങി അദ്ധ്യാപക നിയമനങ്ങൾ വരെ നടത്തണമെന്ന് തീരുമാനിക്കേണ്ടത് തങ്ങളാണന്നെ ഹുങ്കുമായി രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ ചട്ടങ്ങളേയും നിയമാവലികളേയും നോക്കുകുത്തികളാക്കി മുന്നേറാനുള്ള ശ്രമത്തിലാണ്. അവിടെയാണ് കേരള ജനത കേരളത്തിലെ ഗവർണർ ആരിഫ് മുഹമ്മദ് ഖാനിൽ വിശ്വാസമർപ്പിക്കുന്നത്. അവിടെയാണ് കേരള ജനത നീതിപൂർവ്വവും, സമൂഹത്തിന്റെയും സംസ്ഥാനത്തിന്റേയും വിദ്യാഭ്യാസ വളർച്ചക്കുതകുന്നതുമായ അദ്ദേഹത്തിന്റെ നിലപാടുകളെ പിന്തുണക്കുന്നതും.

കേരളത്തിലെ ബഹുമുഖ സ്ഥാപനങ്ങളിൽ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടു നൽകുമ്പോഴും സർവ്വകലാശാലകളിലെ നിയമനങ്ങൾ തങ്ങളുടെ വരുതിയിൽ നിറുത്തുവാൻ രാഷ്ട്രീയ പാർട്ടികൾ ഏറെ പണിപ്പെട്ടു. ഒടുവിൽ സർവ്വകലാശാലയിലെ നിയമനങ്ങളിൽ ജനവഞ്ചനയുടെ കള്ളക്കഥകൾ കേട്ട് വീർപ്പടക്കിയ കേരള ജനതയുടെ നിർബന്ധത്തിന് വഴങ്ങി അദ്ധ്യാപകേതര നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുകയുണ്ടായി.

കേരളത്തിൽ ജനിച്ച് കേരളീയരുടെ അഭിമാനമായി വളർന്ന നാരായണ അയ്യർ ശേഷന് സർവ്വവിധ പിന്തുണയും നൽകിയ കേരള ജനത ഇന്നി

പ്പോൾ സമാനമായതും കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ തളർത്തുന്നതുമായ നടപടികളുമായി രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ മുന്നേറുമ്പോൾ കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ എടുക്കുന്ന നിലപാടുകളെ സഹർഷം അംഗീകരിക്കുകയാണ്. തീർച്ചയായും കേരള ഗവർണർ കേരളത്തിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് എടുക്കുന്ന തീരുമാനങ്ങൾ കേരള വിദ്യാഭ്യാസ നവോത്ഥാന ചരിത്രത്തിൽ പുതിയ ഏടുകൾ രചിക്കപ്പെടുക തന്നെ ചെയ്യും.

## സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും നിയമ വ്യവസ്ഥയെ വെല്ലുവിളിക്കുന്ന യൂണിയനുകളും

കേരളത്തിലെ ഏതു സ്ഥാപനങ്ങളായാലും ആ സ്ഥാപനം എങ്ങനെ പ്രവർത്തിക്കണം എന്നു തീരുമാനിക്കുന്നത് യൂണിയനുകളാണ് എന്നത് കാലങ്ങളായുള്ള കേരളത്തിന്റെ തിരുത്തപ്പെടേണ്ട തീരുമാനങ്ങളിലൊന്നാണ്. കാലങ്ങളായി കേരളം വളർത്തിയെടുത്ത വിദ്യാഭ്യാസ മേഖലയിലേയും ആരോഗ്യ മേഖലയിലേയും വളർച്ചക്കൊത്ത് മറ്റിതര മേഖലയിലെ വളർച്ചയെ തളർത്തുന്നതായിരുന്നു കേരളത്തിന്റെ അത്തരം തീരുമാനം.

രാജ്യത്തെ സുപ്രധാന കോടതിയായ സുപ്രീം കോടതിയാണ് സംസ്ഥാനത്തെ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലറുടെ നിയമനം അസാധുവാക്കിയത്. ടെക്നോളജിൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി നിയമിച്ചതിലെ ശരികേട് തിരിച്ചറിഞ്ഞത് സുപ്രീം കോടതിയാണ് എന്നത് പോലെ തന്നെയാണ് നിയമ വ്യവസ്ഥ നിലനിൽക്കുന്ന രാജ്യത്ത് താത്ക്കാലിക വൈസ് ചാൻസലറുടെ നിയമന കാര്യത്തിലും അഭിപ്രായ വ്യത്യാസം തീരുമാനിക്കപ്പെടേണ്ടത്.

സംസ്ഥാനത്തെ ഒട്ടുമിക്ക സർക്കാർ സ്ഥാപനങ്ങളും പൊതുമേഖല സ്ഥാപനങ്ങളും മോശമായ

പ്രതിച്ഛായയിലൊ നഷ്ടമായ അവസ്ഥയിലൊ ആണ് മുന്നോട്ട് പോകുന്നത്. അതിനു കാരണ മായി പറയാവുന്നത് സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖല സ്ഥാപനങ്ങളിലും യൂണിയനുകളുടെ അതിപ്രസരം കാരണം ഏറ്റവും നിസഹായാവസ്ഥ യായ മാനേജ്മെന്റ് ആണ് നയിക്കുന്നത് എന്നതിനാ ലാണ്. ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ അസാധുവാക്കപ്പെട്ട വൈസ് ചാൻസലർക്ക് പകരം സംവിധാനമായി ചാൻസലറായ ഗവർണർ താത്ക്കാ ലിക വൈസ് ചാൻസലറെ നിയമിച്ചിരിക്കുകയാണ്.

ചാൻസലർ നിയമിച്ച താത്ക്കാലിക വൈസ് ചാൻസലർക്ക് ഫയലുകളൊന്നും നൽകാൻ തയ്യാ റാകാത്ത അവസ്ഥ നിലനിൽക്കുന്നു എന്നുള്ള മാധ്യമ വാർത്തകൾ നമ്മുടെ സംസ്ഥാനത്തെ നിയമ വ്യവസ്ഥയെ ചോദ്യം ചെയ്യുന്നതാണ്. വൈസ് ചാൻസലറുടെ ചേമ്പറിൽ ഫയലുകൾ കൃത്യമായി എത്തുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടത് ആവശ്യ മായി വരുന്നു. ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി യിലെ വൈസ് ചാൻസലറുടെ പേഴ്സണൽ സ്റ്റാഫ് അവരുടെ കടമ കൃത്യമായി പാലിക്കുന്നുണ്ട് എന്നു ഉറപ്പു വരുത്തുക മാത്രമെ ഇത്തരുണത്തിലും കര ണീയമായിട്ടുള്ളൂ.

നമ്മുടെ സംസ്ഥാനത്ത് ദുർലഭമായ ജോലി സാധ്യതകൾ മൂലവും തുടർ പഠനത്തിനായും മറ്റും ഡിഗ്രി സർട്ടിഫിക്കറ്റിനായി കാത്ത് നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത അവസ്ഥ നെറിവ്കേട് തന്നെയാണ്. സംസ്ഥാ

നത്തെ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ യൂണിയനുകൾ നിയമ വ്യവസ്ഥക്കൊത്ത വിധമല്ല പെരുമാറുന്നത് എന്നത് എക്കാലത്തേയും പരാതി കളിലൊന്നാണ്. അടിയന്തിരഘട്ടത്തെ പ്രാധാന്യ ത്തോടെ പരിഹരിക്കപ്പെടണമെന്നു പുരോഗമന കേരള സമൂഹം ആഗ്രഹിക്കുന്നു.

## ഡിജിറ്റൽ സർവ്വെ

1995-ലാണ് കൊച്ചി ഇന്റർനാഷണൽ വിമാന ത്താവളവുമായി ബന്ധപ്പെട്ടുള്ള ആഫീസിൽ താത്ക്കാലിക ജീവനക്കാരനായി ജോലി ചെയ്യുന്ന ത്. അങ്കമാലി ടൗൺ കേന്ദ്രമായി പ്രവർത്തിക്കുന്ന എൽ.എ. ഓഫീസിൽ ആയിരുന്നു ജോലി. ചുരു ങ്ങിയ കാലയളവിൽ കുറെ കാര്യങ്ങൾ നോക്കി കാണാൻ കഴിഞ്ഞു. അതിലൊന്നാണ് ഭൂമിയുടെ സർവ്വെ.

കേരളത്തിലെ ഭൂമികളെല്ലാം എന്നാണ് അളന്നു അതിരുകൾ തിട്ടപ്പെടുത്തി ഡിജിറ്റൽ രേഖ യായി സൂക്ഷിക്കുക എന്നതാണ് പ്രധാനമായും ആലോചിച്ചത്. റവന്യൂ വിഭാഗത്തിൽ ജോലി ചെയ്യുന്നവരിൽ ശമ്പളത്തിനു പുറമെയുള്ള വരു മാനം ആഗ്രഹിക്കുന്നവർക്കൊക്കെ കൃത്യമായി അതിരുകൾ രേഖപ്പെടുത്താത്ത റവന്യൂ ഡിപ്പാർട്ട്മെന്റ് നിലനിന്നു പോവേണ്ടത് ആവശ്യം തന്നെയായിരിക്കാം. അപ്പോഴും സർക്കാർ ജീവന ക്കാർക്കായി കുഴലൂത്ത് മാത്രം നടത്താനറിയുന്ന നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ ഭരണ നേതൃത്വ ങ്ങൾക്ക് അതിരുകൾ കൃത്യമായി രേഖപ്പെടുത്തി അവയെല്ലാം ഡിജിറ്റലായി സൂക്ഷിക്കപ്പെടുമെന്ന് ചിന്തിക്കാനും സാധ്യമല്ല.

സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പ് തന്നെ നമ്മുടെ സംസ്ഥാനമായ കേരളം ഉൾക്കൊള്ളുന്ന ഭൂപ്രദേശം മറ്റിതര മേഖലയുമായി താരതമ്യം ചെയ്യു മ്പോൾ ആരോഗ്യ സംരക്ഷണത്തിലും വിദ്യാഭ്യാസ ത്തിലും മുമ്പന്തിയിൽ തന്നെയായിരുന്നു. എന്നിട്ടും തങ്ങളുടെ പ്രയത്നത്താലാണ് സംസ്ഥാനത്ത് ആരോഗ്യ മേഖലയും വിദ്യാഭ്യാസ മേഖലയും മുമ്പ ന്തിയിലെത്തിയത് എന്ന് വരുത്തി തീർക്കാനുള്ള ശ്രമത്തിലാണ് നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ മേഖല. അവരെ സംബന്ധിച്ചിടത്തോളം സംസ്ഥാ നത്ത് സമാധാന അന്തരീക്ഷം കൊണ്ടു വരേണ്ടതി നായി എന്തൊക്കെ ചെയ്യാം എന്നത് ഒരു വിഷയവു മല്ല.

നമ്മുടെ സംസ്ഥാത്തെ വിദ്യാർത്ഥികൾക്ക് ഈ ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ ഡിജിറ്റൽ പഠനം സാധ്യമായത് നമ്മുടെ സ്വകാര്യ വിദ്യാഭ്യാ സ്ഥാപന ങ്ങൾ അവരുടെ പാഠ്യപദ്ധതിയിൽ അവ ചേർക്കാൻ തയ്യാറായതിനാൽ നമ്മുടെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അവ ഒഴിവാക്കാൻ പറ്റാതായി എന്നതു കൊണ്ടു കൂടിയാണ്. ഡിജിറ്റൽ സർവ്വെയെ സ്വാഗതം ചെയ്യുക മാത്രമാണ് കരണീ യം.

ചുരുക്കത്തിൽ ഇരുപത്തഞ്ചു വർഷങ്ങൾക്ക് ശേഷം ഡിജിറ്റൽ സർവ്വെ നമ്മുടെ സംസ്ഥാത്ത് ആരംഭിക്കുമ്പോൾ അവയുടെ ഗതിയെന്താവുമെന്ന് നോക്കി കാണേണ്ടിയിരിക്കുന്നു. ഏതായാലും നമ്മുടെ സംസ്ഥാനത്തെ അട്ടിമറി സംസ്ക്കാരം

ഡിജിറ്റൽ സർവ്വെയുടെ കാര്യത്തിലും ഉണ്ടാകാതിരിക്കാൻ സാധ്യതയില്ല. ഇനിയുമൊരു ഇരുപത്തഞ്ചു വർഷമെടുത്ത് പൂർത്തിയായി വരുമ്പോൾ ഡിജിറ്റൽ സർവ്വെയുടെ കാലമൊക്കെ കഴിഞ്ഞിരിക്കും. കാലാവസ്ഥയിലുള്ള മാറ്റങ്ങളും ഭൂമി തന്നെ അതിന്റെ അവസ്ഥയിൽ മാറ്റം നേരിടുകയും ചെയ്യുമ്പോൾ ഡിജിറ്റൽ സർവ്വെ എന്തെല്ലാം പുതിയ പ്രവണതക്ക് വഴിയൊരുക്കുമെന്ന് കാണാനിരിക്കുന്നതെയുള്ളൂ.

## ലഹരിക്കെതിരെ പോരാട്ടം

കേരളത്തിന്റെ പടിഞ്ഞാറൻ ഭൂവിഭാഗമായ തീരപ്രദേശത്ത് തെങ്ങുകളാൽ സമ്പുഷ്ഠമായ ഒരു കാലമുണ്ടായിരുന്നു. തേങ്ങയും അതിന്റെ ഉപോൽപ്പന്നങ്ങളും ഒക്കെ സമൂർദ്ധമായിരുന്നു ആ പഴയ നാളുകൾ. ഒരു വശത്ത് കടലും പലവിധ കൈവഴികളും പുഴയുമെല്ലാം മത്സ്യബന്ധനത്തിന്റെ തിമിർപ്പിന്റെ നാളുകളെ അനുസ്മരിപ്പിക്കുന്നു. തെങ്ങുകൾക്ക് വളമായി പോലും മത്സ്യങ്ങളും അവ യുടെ ചണ്ടികളുമൊക്കെ ഉപയോഗിച്ചിരുന്ന നാളു കൾ.

തെങ്ങിന്റെ ഉൽപ്പന്നങ്ങളിൽ പ്രധാനം തേങ്ങ മാത്രമായിരുന്നില്ല. തെങ്ങിൽ നിന്നു കിട്ടുന്ന കള്ളിനും വളരെ പ്രാധാന്യം നൽകിയിരുന്നു. വിവിധ രുചിഭേദങ്ങളിൽ തയ്യാറാക്കുന്ന മത്സ്യവിഭവ ങ്ങൾക്കൊത്ത് കള്ള് പാനീയമായും ലഹരിയായു മൊക്കെ ജീവിതത്തിന്റെ കഠിനവും പ്രകൃതിയോട് മത്സരിച്ചുമുള്ള ജീവിതങ്ങൾക്കിടയിൽ ആസ്വാദ്യക രമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് പ്രായമായവർ വിവരിക്കുന്നു. കള്ള് മൺചട്ടിയിൽ നിന്നും പകർന്നു നൽകുന്നതും മൺചട്ടിയിലെ കള്ള് അകത്താക്കുന്നതുമൊക്കെ പ്രായമായവർ പറഞ്ഞു കേൾക്കുന്നതു തന്നെ അൽപ്പം ഉൾപ്പുളക ത്തോടെ മാത്രമെ കേട്ടിരിക്കാൻ കഴിയുകയുള്ളൂ.

അന്നൊക്കെ വീടുകൾ കേന്ദ്രീകരിച്ചു വിൽപ്പന ശാലകളും വേണ്ടപ്പെട്ട പ്രമാണിമാർക്ക് ഒത്തുകൂടാൻ കള്ള് എത്തിച്ചു നൽകുന്നതുമൊക്കെ ജീവിതം മുന്നോട്ട് കൊണ്ടു പോകുന്നതിൽ മത്സ്യബന്ധനം പോലെ പ്രാധാന്യമുള്ള കാര്യവുമായിരുന്നു.

പിന്നീട് കള്ളും അതിന്റെ ചെത്ത് തൊഴിലാളികളുമൊക്കെ സർക്കാർ നിയന്ത്രണത്തിലുള്ള സംരഭങ്ങളായി മാറുകയും കള്ള് ചെത്താനും ചെത്തിയ കള്ള് സംഭരിക്കാനും വിതരണം ചെയ്യാനുമൊക്കെ ലൈസൻസ് വേണമെന്ന അവസ്ഥയിലുമായി. കള്ള്ലേലം അബ്ക്കാരി മുതലാളികളെ സൃഷ്ടിക്കുകയും ഓരോ മേഖലയും കള്ള് സംഭരണവും വിതരണമൊക്കെ ഒരു കൂട്ടം അബ്ക്കാരികളുടെ നിയന്ത്രണത്തിൽ സംഘടിത മേഖലയിലുമായി.

ചെത്ത് തൊഴിലാക്കിയവർ പലവിധ കൊടികളുടെ ലേബലിൽ സംഘം ചേരുകയും ചെത്ത് തൊഴിലാളി ക്ഷേമനിധിയുമൊക്കെയായി കള്ള് വ്യവസായം വലിയ പത്രാസ് വ്യവസായമായി മാറി. മാറി മാറി വരുന്ന സർക്കാരുകൾ പോലും അവശ്യം സമയങ്ങളിൽ ക്ഷേമനിധിയിലെ പണം ഉപകാരപ്പെടുത്തിയിരുന്നു.  വ്യവസായം തഴച്ചപോലെ യൂണിയനും തഴച്ചു വളരുകയും ആ മേഖലയിലെ പല ചെത്ത് തൊഴിലാളി ഓഫീസുകളിലുമായി പാർട്ടികളുടെ പ്രവർത്തനങ്ങളും എന്നു പറയാനാവും വിധം വളർന്നു പന്തലിച്ചു.

എന്റെ ഡിഗ്രി പഠനകാലത്തിന് ഷാപ്പിന്റെ വരാന്തയിൽ ഒന്നോ രണ്ടോ പ്രാവശ്യം നിന്നതൊഴി

ച്ചാൽ പിന്നീടൊരിക്കലും കള്ള് ഷാപ്പിൽ കയറിയിട്ടില്ല. അക്കഥയും പറയേണ്ടതുണ്ട്. ഒരു പക്ഷെ ഭോപ്പാൽ ദുരന്തം പോലെയൊ എൻഡോസൾഫാൻ ദുരന്തം പോലെയൊ അത്ര തീക്ഷണമായിരിക്കില്ലെങ്കിലും മദ്യാസക്തിയുടെ നാളുകൾക്ക് തുടക്കമായിരുന്നു എന്നു വേണമെങ്കിൽ പറയാവുന്നതാണ്. ആനമയക്കി കള്ളിനെതിരെ അന്നാളുകളിൽ ബന്ദ് നടത്താനൊ എന്തിന് ഒരു ഹർത്താൽ നടത്താനൊ പറ്റുന്ന അവസ്ഥയിലായിരുന്നില്ല. അത്രമാത്രം ശക്തമായിരുന്നു ആ മേഖല. ആ മേഖലയിലെ പണിയെടുക്കുന്നവർക്ക് കുട പിടിക്കാതെ പാർട്ടി വളർത്താൻ പറ്റാത്തത്ര മാറിയിരുന്നു കേരള രാഷ്ട്രീയം.

വളർന്ന് പന്തലിച്ച ആ മേഖല ആർത്തി പൂണ്ട അബ്ക്കാരി മേഖലയായി മാറി എന്നു പറയാവുന്നതാണ്. ചെത്തിയ കള്ള് വിൽക്കുന്നതിനേക്കാൾ മേശപ്പുറത്ത് തയ്യാറാക്കുന്ന കള്ള് വിതരണം ചെയ്യുന്നതാണ് ലാഭകരമെന്ന് അബ്ക്കാരികൾ മനസിലാക്കി. എൺപതുകളുടെ പകുതിയിൽ മാധ്യമങ്ങൾ കണക്കുകൾ നിരത്തി കള്ള് വിൽപ്പനയിലെ കള്ളക്കളി വിവരിച്ചു കൊണ്ടിരുന്നു. കള്ള് സംഭരിക്കുന്നതിനും, വിതരണ കേന്ദ്രങ്ങളിലെത്തിച്ച്, കള്ള് ചെത്തുന്ന തൊഴിലാളിക്ക് ബോണസും ഇൻസെന്റീവുമൊക്കെ നൽകി, വിൽപ്പന നടത്തി പണം പെട്ടിയിലാക്കുമ്പോൾ ലിറ്ററൊന്നിന് നാൽപ്പതു മുതൽ അമ്പതു രൂപവരെ ചിലവ് വരുമെന്നുള്ളതായിരുന്നു കണക്കുകൾ. അക്കാലത്ത് കള്ള് വിൽക്കുന്നതാകട്ടെ മുപ്പതിനും മുപ്പത്തഞ്ചിനും ഇടയിലുമായിരു

ന്നു. കാലം നാല് പതിറ്റാണ്ടുകൾ താണ്ടിയിരിക്കു ന്നു. ഓർമകളിൽ നിന്നും പറയുന്നതാണ്. അങ്ങനെ കള്ളിന്റെ പേര് തന്നെ ആനമയക്കി എന്നൊക്കെയായി. പിന്നീട് പല പ്രദേശങ്ങളിലും കള്ള് ലേലത്തിനു പിടിക്കാൻ ആളില്ലാത്ത അവസ്ഥ യായി. ആ നാളുകളിൽ സ്ഥിരമായി കള്ള് കുടിച്ച് പൂസ്സായ തലമുറയുടെ പിൻഗാമികൾക്കായി കള്ളി നോടൊപ്പവും അതിനുശേഷവും ചാരായവും ബാറുകളുമൊക്ക സ്ഥാനം പിടിച്ചു എങ്കിലും ഇപ്പോ ഴത്തെ തലമുറക്ക് നിരോധിത പദാർത്ഥങ്ങൾ ചേർത്ത കള്ളിന്റെ സ്ഥാനത്ത് വിവിധ മയക്ക് മരു ന്നുകൾ സ്ഥാനം പടിച്ചു. ഇന്നത്തെ മയക്ക് മരുന്ന് ലോബിക്കും അറിഞ്ഞും അറിയാതെയുമൊക്കെ രാഷ്ട്രീയക്കാർ ഒത്താശ ചെയ്യുന്നു എന്ന് ഇന്നും ലഹരിക്കെതിരെ പോരാട്ടം നടത്തുന്ന കേരളത്തോട് പറയേണ്ടി വരുന്നു. അപ്പോഴും ഇതിനെല്ലാം അറിഞ്ഞും അറിയാതെയും കുട പിടിക്കുന്ന സംസ്ഥാനത്തെ രാഷ്ട്രീയക്കാർക്കായി നമുക്ക് മുഷ്ഠി ചുരുട്ടി ഉച്ചത്തിൽ അലറാം-കേരള മോഡൽ.

## തട്ടിയും മുട്ടിയും പോകുന്ന പകൽ വീടുകൾ

ഏറെ നാളുകളായി കേട്ട് തുടങ്ങിയതും കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നടത്തിക്കൊണ്ടു പോകുന്ന വീടുകളാണ് പകൽ വീടുകൾ. പ്രധാനമായും പകൽ വീടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും സഹകരണ പ്രസ്ഥാനങ്ങൾ വഴിയും മതസ്ഥാപനങ്ങൾ വഴിയും നടക്കുന്നതായി കാണാവുന്നതാണ്. പ്രായമായവരുടെ ഒറ്റപ്പെടലുകൾക്ക് പരിഹാരം എന്ന നിലയിലാണ് നമ്മുടെ സംസ്ഥാനത്തും ഈ ആശയങ്ങൾ വേരുറപ്പിച്ചിരിക്കുന്നത്.

കേരളത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ സമൂഹത്തിൽ പ്രായമായി ഒറ്റപ്പെട്ടു പോകുന്ന ഒരുപടി വയോജനങ്ങളെ ഇപ്പോൾതന്നെ കാണാൻ കഴിയുന്നതാണ്. അവരുടെ മാനസീകോല്ലാസത്തിനും സമൂഹത്തിന്റെ പ്രായമായവരോടുള്ള കടമ നിറവേറ്റുന്നതിലുമൊക്കെ ഇത്തരം പകൽ വീടുകൾ പ്രയോജനകരമാകുന്നു. തുടങ്ങി വച്ച പകൽ വീടുകൾ ഇടക്ക് വച്ച് അവസാനിപ്പിക്കേണ്ടി വരികയൊ പാതി വഴിയിൽ മുടങ്ങി പോവുകയൊ ചെയ്യുന്നത് സംസ്ഥാനത്ത് കാണാവുന്നതാണ്.

നമ്മുടെ യുവതക്ക് സ്വന്തം സംസ്ഥാനത്ത് ഒരു ജോലി എന്ന സ്വപ്നം അകലെയായതിനാൽ നമ്മുടെ സംസ്ഥാനമൊ രാജ്യമൊ വിട്ട് പോകേണ്ടി

വരുന്ന സാഹചര്യമാണ് ഇന്നു നിലവിലുള്ളത്. നമ്മുടെ സംസ്ഥാനം രൂപീകൃതമായതിനു ശേഷം സർക്കാർ മേഖലയുൾപ്പെടെയുള്ള എല്ലാ മേഖല യിലും നോക്കുകൂലി സംസ്ക്കാരം വേരൂന്നുകയും ഒരു തൊഴിൽ സംരംഭം ആരംഭിക്കാനാവാത്ത അവസ്ഥ തുടരുകയും ചെയ്യുന്നു.

ഈ ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ മൂന്നാം ദശകത്തിന്റെ അവസാനത്തോടെ നമ്മുടെ സംസ്ഥാ നവും ഏറെക്കുറെ പ്രായമായവരുടെ താവളമായി മാറുമെന്ന് കണക്കാക്കുന്നു. വിദേശ രാജ്യങ്ങളി ലേക്ക് പ്രത്യേകിച്ച് യൂറോപ്പ്യൻ നാടുകളിലേക്ക് ചേക്കേറുന്ന യുവതയുടെ ക്രമാതീതമായ എണ്ണപ്പെ രുപ്പം അത്തരം ആരോപണങ്ങളെ ശരിവക്കുന്നതാ ണ്. ചുരുക്കത്തിൽ വിദ്യാസമ്പന്നരും കാര്യശേ ഷിയും കാര്യപ്രാപ്തിയുമുള്ള ധാരാളം പേർ വിദേ ശത്തേക്ക് ചേക്കേറുന്നു.

പഞ്ചായത്തീരാജ് നിയമം നമ്മുടെ സംസ്ഥാ നത്ത് നടപ്പിലാക്കിയതോടെ തദ്ദേശ സ്ഥാപന ങ്ങൾക്ക് ലഭ്യമായ പ്ലാൻ ഫണ്ടുകൾ കൊണ്ട് ഏറെ ദൂരം നമുക്ക് സഞ്ചരിക്കാൻ കഴിയുന്നു. എഴുതി തള്ളാനായുള്ള ഒരു പ്രസ്ഥാനമായി പകൽവീടു കളെ കാണാതെ നന്മയുടെ അംശം ഉൾക്കൊണ്ട് മുന്നോട്ട് പോകുന്നതുകൊണ്ട് ഇത്തരം സാധ്യത കളെ പ്രോത്സാഹിപ്പിക്കേണ്ടവ തന്നെയാണ്.

പലവിധ മേഖലയിൽ പണിയെടുത്തവരും പലവിധ സാഹചര്യങ്ങളിൽ വളർന്നവരും പലവിധ പ്രതീക്ഷകളോടെ വളർത്തി വലുതാക്കിയ മക്കളുടെ

സാമീപ്യമില്ലാത്തതു കൊണ്ടുമുള്ള വീർപ്പുമുട്ടലുകൾ അനുഭവിക്കുന്നവരുമൊക്കെയായി സമൂഹത്തിന്റെ വൈവിധ്യം ഇവിടേയും കാണാവുന്നതാണ്. കൂടുതൽ കരുണയും കൂടുതൽ സ്നേഹവും കൂടുതൽ അനുകമ്പയും കാണേണ്ടയിടങ്ങളാണ് ഇത്തരം പകൽ വീടുകൾ. പ്രായമായവർക്ക് തങ്ങളുടെ ചിന്താഗതിക്കൊത്ത് ഒത്തു പോകാൻ കഴിയാത്തവരുമായി പകൽ സമയം ചിലവഴിക്കേണ്ടി വരുന്നതുൾപ്പെടെ വിവിധ പ്രശ്നങ്ങൾ ഇവരെ അലട്ടാതിരിക്കില്ല.

ആധുനീക സമൂഹത്തിൽ പ്രായമായവർക്ക് മറ്റിതരരെ ആശ്രയിക്കാതെ ജീവിതം മുന്നോട്ട് കൊണ്ടു പോവുന്നതിനാവശ്യമായ സാമഹ്യ സുരക്ഷയിലൂന്നിയ സാമൂഹ്യ സാഹചര്യം ഈ അടുത്ത നാളുകളിലൊന്നും കേരളത്തിന് വാഗ്ദാനം ചെയ്യാൻ കഴിയുമെന്നും കരുതുന്നില്ല. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംസ്ഥാനം ചില്ലറ തുട്ടുകൾ പെൻഷനായി കൊടുക്കുമ്പോൾ പഞ്ചാത്തീരാജ് സംവിധാനത്തിലൂടെ ലഭ്യമായ ഫണ്ടിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്കാണ് കൂടുതൽ കാര്യങ്ങൾ പ്രായമായവർക്കായി ചെയ്യാൻ കഴിയുക. അവരുടെ പ്രാഥമീക ആവശ്യങ്ങൾക്ക് പോലും മറ്റുള്ളവരുടെ കൈ സഹായം തേടേണ്ടി വരുന്ന അവസ്ഥയിൽ ഇത്തരം തട്ടിയും മുട്ടിയും പോകുന്ന പകൽ വീടുകളും സംസ്ഥാനത്തെ പ്രായമായവരുടെ പുതിയ താവളങ്ങളായി മാറുമെന്നു തന്നെ കരുതേണ്ടിയിരിക്കുന്നു.

## അസാധുവാകേണ്ട നിമസഭാ അംഗത്വവും മന്ത്രി പദവിയും

നമ്മുടെ സംസ്ഥാനമായ കേരളത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന യൂണിവേഴ്സിറ്റി ഭേദഗതി ബിൽ നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ അവ ഗവർണറുടെ മുമ്പിൽ എത്തിപ്പെടുക സ്വാഭാവീകമാണ്. ഒരു വിദ്യാഭ്യാസ അട്ടിമറി നടത്തുവാനുള്ള ധൈര്യം കേരളത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട സർക്കാരിന് കഴിയുന്നു എന്നത് കേരളം എത്രമാത്രം രാഷ്ട്രീയ പക്ഷപാതപരമായ നിലപാടുകളാണ് എടുക്കുന്നത് എന്ന് വ്യക്തമാക്കുന്നു. വരാൻ പോകുന്ന വിദ്യാഭ്യാസ ദുരന്തത്തെ മുന്നിൽ കണ്ട് വിദ്യാഭ്യാസ നിരീക്ഷകന്മാർ വിദ്യാഭ്യാസ മേഖലയിലെ ആത്മഹത്യാപരമായ ഈ നീക്കത്തെ അപലപിക്കുകയും ചെയ്തിട്ടുണ്ട്. ലോക്പാൽ ബിൽ പോലുള്ള മേഖലയിൽ പോലും അൽപ്പം പോലും അറപ്പില്ലാതെ ലോകായുക്ത ഭേദഗതി ബിൽ അവതരിപ്പിക്കാനും പുരോഗമനപരമായ ജനാധിപത്യ താൽപ്പര്യങ്ങളെ തകർക്കാനും ശ്രമിക്കുകയാണ്.

നിരുത്തരവാദപരായ പ്രവർത്തികൾ ന്യായീകരണ അനുയായി വൃന്ദങ്ങളെ കൊണ്ട് വെള്ള പൂശി ഭരണ തലത്തിലുള്ള ഏകാധിപത്യ വാസനകൾ സമൂഹത്തിൽ അടിച്ചേൽപ്പിക്കാനുള്ള ശ്രമത്തി

ലാണ്. ഏതാണ്ടൊരു അടിയന്തരാവസ്ഥയുടെ പ്രതീതി സൃഷ്ടിച്ച്, തങ്ങൾക്ക് തോന്നുംപോല സാമ്പത്തിക വായ്പയെടുത്ത് തങ്ങളുടെ ഇംഗിത ത്തിനനുസരിച്ച് യൂണിവേഴ്സിറ്റികളിലും മറ്റും ഉന്നതസ്ഥാനങ്ങളിൽ നിയമിക്കാമെന്ന് കരുതുന്നത് കേരള ജനതയോട് കാണിക്കുന്ന നെറിവു കേട് തന്നെയാണ്. ഇതിനെയൊക്ക ചോദ്യം ചെയ്യാൻ പറ്റുന്ന വേദികളൊക്കെ പഴുതുകളില്ലാതെ അടച്ച് കേരളത്തിൽ അടിയന്തരാവസ്ഥക്ക് സമാനമായ അന്തരീക്ഷം ഒരുക്കുകയാണ്. അങ്ങനെ ഉന്നത വിദ്യാഭ്യാസ മേഖലയും ലോകായുക്ത പോലുള്ള ന്യായ-അന്യായങ്ങളെ വിലയിരുത്തുന്ന ഉന്നത വേദികളുമൊക്കെ തങ്ങളുടെ വരുതിയിലാക്കി കാട്ടാള ഭരണം നടത്തുവാനുള്ള ശ്രമത്തിലാണ്. അവിടെയാണ് ഒരു ഫെഡറൽ സംവിധാനത്തിലെ സംസ്ഥാനത്തിന്റെ അധിപനായി നിയമിതനായ ഗവർണറുടെ കരുത്ത് കേരള സംസ്ഥാനത്തിലെ ജനതതിക്ക് അമൂല്ല്യമാകുന്നത്.

കൃത്യനിർവ്വഹണത്തിൽ ഏർപ്പെടുന്ന സംസ്ഥാനത്തിന്റെ അധിപനായ ഗവർണറെ അപല പിച്ച്, നിന്ദിച്ച് തരംതാണതും സ്വന്തം നിലവാരം വെളിപ്പെടുത്തും വിധം അദ്ദേഹത്തിന്റെ പദവി യേയും അദ്ദേഹത്തിന്റെ ഓഫീസിനേയും കടലാസ് വിലപോലുമില്ലെന്ന ധാരണ പരത്തുന്ന സംസ്ഥാന മന്ത്രിമാർ ജനാധിപത്യ മൂല്ല്യങ്ങളുടെ തകർച്ച യെയും ഭരണഘടനാ വിഭാവനം ചെയ്യുന്ന പ്രതിജ്ഞാ ലംഘനവുമാണ് നടത്തുന്നത്.

## കേരളത്തിന്റെ ഭാവിയും ലോകായുക്തയും

ഒരു ജനാധിപത്യ രാഷ്ട്രത്തിന് ആധുനിയ യുഗത്തിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ ആവശ്യമായി വരുന്നു. അതിലൊന്നാണ് നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്ന ലോകായുക്ത. അഴി മതിയുടെ ആഴക്കയത്തിൽ മുങ്ങിത്താഴുന്ന ജനാധി പത്യ സംവിധാനത്തിൽ ആവശ്യമായതും കാലഘട്ട ത്തിനൊത്തതുമായ പരിഷ്ക്കാരങ്ങളിലൊന്നാണ് ലോകായുക്ത എന്ന സംവിധാനം. രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ ഇടപെടലുകൾ പലപ്പോഴും നമ്മുടെ ജനാധിപത്യ സംവിധാനത്തെ തകിടം മറി ക്കുന്നു. അതുകൊണ്ടു തന്നെ ജനാധിപത്യ സംവി ധാനങ്ങൾ അഴിമതി നിറഞ്ഞ സംവിധാനത്തിലേക്ക് കൂപ്പു കുത്തുമ്പോൾ അതിനെ ലോകായുക്ത എന്ന സംവിധാനത്തിലൂടെ പരിഷ്ക്കരിക്കേണ്ടതുണ്ട്.

നമ്മുടെ രാജ്യത്ത് സ്വതന്ത്രാനന്തര ആദ്യ കാലഘട്ടത്തിൽ തികഞ്ഞ ആത്മാർത്ഥതയും സത്യ സന്ധതയും ധാർമികതയും കാര്യക്ഷമതയും പുലർത്തിയിരുന്ന ഒരുകൂട്ടം നേതൃനിര ഉണ്ടായിരു ന്നു. ഇന്ന് ആ സ്ഥാനത്ത് രാഷ്ട്രീയ ഭരണ നേതൃ ത്വങ്ങളിൽ നിന്നും സ്വജനപക്ഷപാതവും അവിഹിത മായ ഇടപെടലുകളുമൊക്കെ എല്ലാ മേഖലയിലിയും സാധാരണമായിരിക്കുന്നു. അത്തരമൊരു സാഹച ര്യത്തിൽ ലോകയുക്ത പോലുള്ള സംവിധാനത്തി

ലൂടെ സ്വജനപക്ഷപാതത്തേയും അവിഹിത ഇടപെടലുകളേയും ഒരു പരിധിവരെ തടഞ്ഞു നിറുത്തുവാൻ സഹായിക്കുന്നു. അതുകൊണ്ടു തന്നെ ലോകയുക്തയെ നിർവീര്യമാക്കുന്ന ഏതൊരു ഭേദഗതിയേയും സംസ്ഥാനത്തെ ജനവിഭാഗം എതിർക്കേണ്ടതുണ്ട്.

നമ്മുടെ സംസ്ഥാനത്ത് സർക്കാർ പൊതുമേഖലകളിൽ മിക്കതിലും തൊഴിലാർത്ഥികളെ തിരഞ്ഞെടുക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷൺ വഴിയാണ്. അതുകൊണ്ടുതന്നെ വ്യക്തമായ ചില മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടി വരുന്നു. പലപ്പോഴും നീതിന്യായ കോടതികളുടെ സഹായത്തോടെയാണെങ്കിലും പ്രാഥമികമെന്നു പറയാവുന്ന പോസ്റ്റുകളിൽ ഇന്റർവ്യു പോലുള്ളവ ഒഴിവാക്കേണ്ടി വരുന്നു. ഇന്റർവ്യൂ എന്ന കടമ്പ പലപ്പോഴും സ്വജനപക്ഷപാതത്തിന് വഴിവക്കുന്നു എന്നതാണ് കാരണമായിട്ടുള്ളത്. കണ്ണൂർ സർവ്വകലാശാലയിലെ മലയാളം അസോസിയേറ്റ് പ്രൊഫസർ നിയമനത്തിൽ യു.ജി.സി മാനദണ്ഡങ്ങൾ പാലിക്കാതെയാണ് തിരഞ്ഞെടുപ്പ് നടന്നത് എന്ന കണ്ടെത്തൽ അവിടെ സ്വജനപക്ഷ നിയമനം നടത്താനുള്ള ശ്രമമുണ്ടായി എന്നു വ്യക്തമാകുന്നു.

ലോകായുക്ത പോലുള്ള പുരോഗമനപരമായ ആശയങ്ങളിൽ വെള്ളം ചേർക്കാൻ ശ്രമിക്കുന്നത് സംസ്ഥാനത്തെ ജനവിഭാഗങ്ങളുടെ ധാർമ്മിക ബോധത്തെ തകർക്കാനും കാലഘട്ടത്തിനൊത്തുള്ള സംസ്ഥാനത്തിന്റെ കുതിപ്പിനെ തളർത്താനും

മാത്രമെ കഴിയുകയുള്ളൂ. നമ്മുടെ സംസ്ഥാനം നൂറ്റാണ്ടിനൊത്ത് പശ്ചാത്തല മേഖലയിലും സാമൂഹ്യ സുരക്ഷ മേഖലയിലും കാർഷിക മേഖലയിലും തുടങ്ങി എല്ലാ മേഖലയിലും വികസിക്കേണ്ടതുണ്ട്. അതിന് ഏറ്റവും ആവശ്യമായി വരുന്നതാണ് നമ്മുടെ സംസ്ഥാനത്തെ ജനാധിപത്യ സംവിധാനം ശക്തിപ്പെടുത്തുക എന്നത്. ജനാധിപത്യ സംവിധാനത്തെ ശക്തിപ്പെടുത്തുവാൻ ഉതകുന്ന ലോകായുക്തയെ നിർവീര്യമാക്കുന്ന ഭേദഗതിയോടുള്ള വിയോജിപ്പ് സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങളിൽ നിന്നും ഉണ്ടാകേണ്ടതുണ്ട്. അതുകൊണ്ടു തന്നെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ ലോകയുക്ത പോലുള്ള സംവിധാത്തെ നിർവീര്യമാകാൻ ശ്രമിക്കുമ്പോൾ സംസ്ഥാനത്തെ അധിപനായ ഗവർണർ ഇതു സംബന്ധിച്ച് എടുക്കുന്ന തീരുമാനങ്ങൾ കേരളത്തിന്റെ ഭാവിയാണ് നിർണയിക്കപ്പെടുന്നത്.

## ജീവനും സ്വത്തിനും സംരക്ഷണത്തോടൊപ്പം വിഴിഞ്ഞം പദ്ധതിയും

ഭാരതത്തിന്റെ പടിഞ്ഞാറ് അറബിക്കടലും കിഴക്ക് ഭാഗത്ത് ബംഗാൾ ഉൾക്കടലും സ്ഥിതി ചെയ്യുന്നു. ബംഗാൾ ഉൾക്കടലുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ അറബിക്കടൽ താരതമ്യേന ശാന്തമാണ്. ബംഗാൾ ഉൾക്കടലിൽ പലപ്പോഴായി ഉണ്ടാവുന്ന ശക്തിയാർജ്ജിച്ച കാറ്റുകൊണ്ടു തന്നെ അതിനോടു ചേർന്നു കിടക്കുന്ന ഭൂവിഭാഗത്തുള്ളവർക്ക് കൂടുതൽ ജാഗ്രത വേണ്ടി വരുന്നു. അങ്ങനെ നോക്കുമ്പോൾ കടലിനെ അറിഞ്ഞ് അതിനെ ജീവേനോപാധി ആയി എടുക്കുന്നവർ കേരളത്തിന്റെ ജനസംഖ്യയിൽ കൂടുതൽ ശതമാനമുണ്ടെന്നു കാണാം. കേരളത്തിന്റെ പടിഞ്ഞാറ് വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെ നീണ്ടു കിടക്കുന്നത് കടൽത്തീരമാണ് എന്നത് സവിശേഷത തന്നെയാണ്.

വികസന സങ്കൽപ്പങ്ങളിൽ കേരളത്തിന്റെ കുതിച്ചു ചാട്ടം വളരെ പിന്നോക്കം തന്നെയാണ്. ട്രാക്റ്റർ ഉപയോഗിക്കാൻ സമ്മതിക്കാതിരുന്നതോടു കൂടി കാർഷിക മേഖല ലാഭകരമല്ലാതായി മാറി. വടക്കൻ സംസ്ഥാനങ്ങളിൽ കാർഷിക വിപ്ലവം നടക്കുമ്പോൾ കേരളം വളരെ നാളുകൾ നീണ്ട വറുതിയിലുമായിരുന്നു. വടക്കൻ സംസ്ഥാനങ്ങളിലെ

കാർഷിക വിപ്ലവവും തുടർന്ന് മണ്ടി സിസ്റ്റം വഴി യുള്ള അരി സംഭരണവുമൊക്കെ അൽപ്പാൽപ്പമായി കേരളത്തെ വറുതിയിൽ നിന്നും കരകയറ്റി. ഇപ്പോഴും കാർഷിക മേഖല സ്തംഭിച്ചു നിൽക്കുന്ന കേരളത്തിന് മറ്റിതര സംസ്ഥാനങ്ങളെ ആശ്രയി ക്കുക മാത്രമെ കരണീയമായിട്ടുള്ളൂ.

നമ്മുടെ സംസ്ഥാനത്ത് സർക്കാർ ഓഫീസു കളിൽ കമ്പ്യൂട്ടർവൽക്കരണം എന്നത് എത്തി നോക്കാൻ കഴിയാത്തവിധം സമര കോലാഹലങ്ങ ളുടെ പരമ്പര തന്നെയായിരുന്നു. അതുകൊണ്ട് തന്നെ നികുതി വഴി ലഭിക്കുന്ന ഏതാണ്ട് മുഴുവൻ സാമ്പത്തിക വിഭവസമാഹരണവും സർക്കാർ ഓഫീസുകളുടെ നടത്തിപ്പിനായി മാറ്റി വക്കേണ്ടി വന്നു. ഫലമൊ പുതിയ പുതിയ ആശയങ്ങൾ തമ്മിൽ തമ്മിൽ കൈമാറാമെന്നല്ലാതെ വികസന മുരടിപ്പും സാമൂഹ്യ സുരക്ഷ പോലുള്ള ആധുനീക സമൂഹത്തിലെ അത്യന്താപേക്ഷിതമായ പദ്ധതികളു മൊക്കെ അവതാളത്തിലായി.

വികസനമെന്നാൽ തൊഴിലാളി യൂണിയനുക ളുടെ സമരമാണ് എന്ന ചിന്തപോലും നമ്മുടെ സംസ്ഥാനത്ത് വേരോടി. നൂറുകണക്കിന് വ്യവ സായശാലകൾ ആധുനീകവത്ക്കരിക്കാൻ കഴിയാ തായതോട അവയെല്ലാം പൂട്ടിക്കെട്ടേണ്ട അവസ്ഥയി ലുമായി. ഫാക്ടറികളിലും സർക്കാർ ഓഫീസുക ളിലും വിദ്യൂച്ഛക്തി, ട്രാൻസ്പോർട്ട് പോലുള്ള ആവ ശ്യ സ്ഥാപനങ്ങളിലും നോക്കുകൂലി സംസ്ക്കാരം വേരോടി.

കേരളത്തിന് ഏറെക്കാലം കയറ്റുമതി, ഇറക്കുമതി എന്നിവക്കായി ആശ്രയിക്കേണ്ടി വന്ന സ്ഥാപനമാണ് കൊച്ചിൻ പോർട്ട് ട്രസ്റ്റ്. ബ്രിട്ടീഷുകാരുടെ അധീനതയിൽ കെട്ടിപ്പൊക്കിയ കൊച്ചിൻ പോർട്ട് ട്രസ്റ്റിനെ കാലഘട്ടത്തിനൊത്തവിധം നവീകരിക്കാൻ സ്വാതന്ത്ര്യം കിട്ടിയിട്ടും ആറ് പതിറ്റാണ്ട് കഴിയേണ്ടി വന്നു. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ മേൽക്കോയ്മയിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ എന്ന പേരിൽ പുതിയ സംവിധാനത്തിനു തുടക്കമിടാൻ 2011 വരെ കാത്തിരിക്കേണ്ടി വന്നു. ഫലമൊ കേരളത്തിലെ കയറ്റുമതി ചെയ്യുന്ന മത്സ്യ ഉൽപ്പന്നങ്ങൾക്കും കാർഷിക ഉൽപ്പന്നങ്ങൾക്കും മറ്റിതര ടെർമിനലുകളെ ആശ്രയിക്കേണ്ടി വന്നു. കൂടിയ കയറ്റുമതി ചിലവ് നേരിടാൻ കയറ്റുമതി ചെയ്യുന്ന കാർഷിക ഉൽപ്പന്നങ്ങൾക്കും മത്സ്യ ഉൽപ്പന്നങ്ങൾക്കും സാധിക്കാതെ വന്നു.

ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ താരതമ്യേന ചെറിയ ഷിപ്പുകൾക്ക് മാത്രമെ വല്ലാർപാടം ടെർമിനലിൽ അടുക്കുവാൻ കഴിയുകയുള്ളൂ എന്നതു കൊണ്ടു തന്നെ നമ്മുടെ സംസ്ഥാനം ഷിപ്പമെന്റിൽ വളരെ പിന്നോക്കം തന്നെയാണെന്ന് ഇപ്പോഴും തെളിയിക്കുന്നു.

ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ മദർഷിപ്പുകൾക്ക് വളരെ എളുപ്പത്തിൽ അടുക്കാൻ പറ്റുന്നത്ര അടുത്താണ് കപ്പൽപ്പാത എന്നതാണ് വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ വികസന സങ്കൽപ്പങ്ങൾക്ക് ചിറകുകൾ നൽകുന്നത്. പ്രകൃതിദത്ത

മായി ഇത്രയും ആഴവും പരപ്പും ഉള്ള മറ്റൊരിടം അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന ഭൂപ്രദേശത്ത് ലഭ്യമാണൊ എന്നതും സംശയമാണ്. വിഴിഞ്ഞം പ്രദേശത്ത് താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സംരക്ഷണം വേണമെന്നതിൽ സംശയമൊ തർക്കമൊ ഒന്നും ആവശ്യമില്ല. ആ പ്രദേശവാസികളുടെ ജീവനും സ്വത്തിനും തീർച്ചയായും സംരക്ഷണം നൽകേണ്ടതുണ്ട്.

മത്സ്യ സമ്പത്തിനാൽ സംപുഷ്ടമായ വിഴിഞ്ഞം പ്രദേശത്ത് അതിനെ ആശ്രയിച്ചു കഴിയുന്ന ആയിരക്കണക്കിനു കുടുംബങ്ങളെ എന്തുവിലകൊടുത്തും സംരക്ഷിക്കപ്പെടേണ്ടതിനോടൊപ്പം വിഴിഞ്ഞം പദ്ധതി കേരളത്തിന്റെ അവസാന വികസന ആശ്രയം തന്നെയാണ്. കാർഷിക മേഖലയിലെ അവികസിത നയം മൂലം വറുതി കിടന്ന കേരള സമൂഹവും വൈദ്യുതി മേഖലയിൽ നോക്കുകൂലി സംസ്ക്കാരം വളർത്തിയതോടു കൂടി വളരെ നാളുകൾ ഇരുട്ടത്ത് കിടന്ന കേരള ജനതയും വ്യവസായശാലകൾ പൂട്ടിക്കെട്ടേണ്ട സംസ്ക്കാരം വളർന്ന് പന്തലിച്ചതിനാൽ സാമ്പത്തിക സ്വയംപര്യാപ്തത നേടാൻ കഴിയാത്ത കേരള സ്ത്രീ സമൂഹവും കേരളം വിട്ട് അന്യരാജ്യത്തേക്ക് നെട്ടോട്ടം ഓടുന്ന യുവത്വം സമ്മാനിക്കുന്ന നരച്ചതും ചുളിഞ്ഞതുമായ കേരള സൂമഹവുമെല്ലാം പുതിയ കാഴ്ചപ്പാട് സമ്മാനിക്കേണ്ടിയിരിക്കുന്നു.

## ലോകായുക്തയെ നിർവ്വീര്യമാക്കാനുള്ള ശ്രമവും ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാനും

ഗവർണറെ ചാൻസലർ സ്ഥാനത്ത് നിന്നും മാറ്റണം എന്ന ആവശ്യത്തിന്റെ കാരണവും കണ്ണൂർ വൈസ് ചാൻസലർക്ക് രണ്ടാം പ്രാവശ്യവും പദവി ലഭ്യമായതിന്റെ കാരണവും കേരള ജനത ദുരൂഹ മായി കാണുന്നു. ഗവർണർ തന്നെ സർവ്വകലാശാ ലകളുടെ ചാൻസലർ പദവിയിൽ ഇരുന്നാൽ യു. ജി.സി നിബന്ധനകൾ അട്ടിമറിച്ച് രാഷ്ട്രീയക്കാരായ ആജ്ഞാനുവർത്തികളെ സർവ്വകലാശാലകളിലെ വൈസ് ചാൻസലർ പദിവിയിൽ നിയോഗിക്കാൻ കഴിയാതെ വരുമെന്നും കേരളത്തിലെ രാഷ്ട്രീയ ഭരണ നേതൃത്വം ഭയപ്പെടുന്നു. അങ്ങനെ പാവക ളായെ വൈസ് ചാൻസലർമാരെ നിയമിക്കാൻ കഴി ഞ്ഞില്ലെങ്കിൽ "രാഷ്ട്രീയ നേതാക്കളുടെ അച്ചി ക്കൊരു പദവി" എന്ന ആശയം നടപ്പിലാക്കാൻ കഴി യില്ല എന്നും ഉത്തരവാദിത്വപ്പെട്ടവർ മനസ്സിലാക്കു ന്നു. അതുകൊണ്ടു തന്നെ ലക്ഷങ്ങളെ അണി നിരത്തി ഗവർണർ താമസിക്കുന്ന രാജ്ഭവൻ മാർച്ച് നടത്തുവാനാണ് ശ്രമിച്ചത്. ഒരുപക്ഷെ അത്തരം മാർച്ചിലൂടെ കേരളത്തിന്റെ മഹോന്നത പദവിയിലി രിക്കുന്ന ഗവർണ്ണറേയും അതുവഴി ഗവർണ്ണറെ നിയ

മിച്ച കേന്ദ്ര സർക്കാരിനേയും ഭയപ്പെടുത്താനായുള്ള ശ്രമമായിരിക്കാം.

സർവ്വകലാശാലകൾ പിടിച്ചടക്കാനുള്ള ശ്രമം പോലെയൊണ് ലോകായുക്ത നിയമ ഭേദഗതിയിലൂടേയും ശ്രമിക്കുന്നത്. തങ്ങൾ എന്ത് തോന്ന്യവാസവും കാണിച്ചാലും അതിനെ വിമർശിക്കാനൊ ചോദ്യം ചെയ്യാനൊ പാടില്ലാത്ത അവസ്ഥയുണ്ടാക്കുക എന്നതു തന്നെയാണ് ലോകായുക്ത നിയമ ഭേദഗതിയിലൂടെ ശ്രമിക്കുന്നത്. ഭരണത്തിലെത്തുന്ന രാഷ്ട്രീയ പാർട്ടികളുടെ ചൊൽപ്പടിക്കൊത്ത് ജനം താളം തുള്ളണമെന്നും അഴിമതിയും സ്വജനപക്ഷപാതവുമൊന്നും ചോദ്യം ചെയ്യപ്പെടരുതെന്നും രാഷ്ട്രീയ നേതൃത്വങ്ങൾ ആഗ്രഹിക്കുന്നു.

സർക്കാർ മേഖലയിൽ ജോലിക്കായി തിരഞ്ഞെടുക്കുവാൻ രാഷ്ട്രീയ പാർട്ടികൾ കത്ത് കൊടുക്കുന്നതും പാർട്ടി നേതൃത്വങ്ങളുടെ ചൊൽപ്പടിക്കൊത്ത് ആളുകളെ ജോലിക്ക് താത്ക്കാലികമായും പിന്നീട് അവരെ സ്ഥിരപ്പെടുത്തുകയും ചെയ്യുക വഴി സംസ്ഥാനത്തിന്റെ ധാർമ്മിക ബോധത്തെയും കാര്യക്ഷമതയേയും അട്ടിമറിക്കാനാണ് ശ്രമിക്കുന്നത്. ‘‘ഞാനും എന്റെ തെങ്ങുകയറ്റക്കാരനും മതി’’ എന്ന ധാർഷ്ട്യത്തിന്റെ നേർ അനുപാതം തന്നെയാണ് സംസ്ഥാനത്തെ പുതിയ നൂറ്റാണ്ടിലെ രാഷ്ട്രീയ ഭരണ നേതൃത്വം ചിന്തിക്കുന്നതും. ലോകായുക്തയെ നിർവ്വീര്യമാക്കി തോന്നും പോലെ കടമെടുത്ത് ആരുണ്ടിവിടെ ചോദിക്കാൻ എന്ന തോതിൽ ചിലവഴിച്ച് സംസ്ഥാനത്തെ കടക്കെ

ണിയിലാക്കി മാറ്റാനുള്ള ശ്രമങ്ങളെ തോൽപ്പിക്കേണ്ടിയിരിക്കുന്നു.

കാലങ്ങളുടെ ശ്രമകരമായ പരിശ്രമത്താൽ ഉരുത്തിരിഞ്ഞു വന്ന ആശയമായ ലോകായുക്തയെ നിർവ്വീര്യമാക്കാനുള്ള ഏത് ശ്രമവും നമ്മുടെ സംസ്ഥാനത്തെ പൗരന്മാരുടെ കുട്ടായ്മ പരാജയപ്പെടുത്തേണ്ടതുണ്ട്. അതുകൊണ്ടു തന്നെ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ലോകായുക്ത സംവിധാനത്തെ നിർവ്വീര്യമാക്കാനുള്ള ശ്രമങ്ങളെ തടയിടാനുള്ള ഗവർണ്ണറുടെ ശ്രമങ്ങൾ സ്ലാഘിക്കപ്പെടേണ്ടതുണ്ട്. ലോകായുക്തയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ അധിപനായ ഇപ്പോഴത്തെ ഗവർണ്ണർ എടുക്കുന്ന തീരുമാനങ്ങൾ സംസ്ഥാനത്തിന്റെ ധാർമ്മികമായ ഉണർവ്വിനേയും അഴിമതിയെ തുടച്ചു നീക്കാനുള്ള ശ്രമങ്ങളുടെയും വിജയ പരാജയങ്ങളേയും നിർണ്ണയിക്കുന്നു.

# ചിതറിയ ചിന്തകൾ

എസ്.കാച്ചപ്പിള്ളി



സംസ്ക്കാര, കൊച്ചി–682 509
9446459784